ഉത്തരം

(എ&ബി) മണ്ണൂർക്കര-വീരണകാവ്-പെരുംകുളം വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ 2010 എസ്.ഒ.ആർ പ്രകാരമുള്ള 3402.29 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിന് പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പഞ്ചായത്തുകൾ സ്ഥലം ഏറ്റെടുത്ത് കൈമാറിയാൽ ഉടൻതന്നെ പ്രോജക്ട് റിപ്പോർട്ട് എസ്.എൽ.എസ്.എസ്.സി.യുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വൈത്തലയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ

67 (2165) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മാള മണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ കുടിവെള്ളത്തിന്റെ വിതരണം സുഗമമാക്കുന്നതിനും ആ പഞ്ചായത്തിന്റെ കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടി എന്തായിയെന്നും ആയത് എന്നേക്ക് സ്ഥാപിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) മാള, കൊടുങ്ങല്ലൂർ മണ്ഡലങ്ങളിൽ കുടിവെള്ള വിതരണത്തിനായി സ്ഥാപിച്ച വൈത്തലയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വിശദമാക്കുമോ ;

(സി) മാള, കൊടുങ്ങല്ലൂർ എന്നീ രണ്ട് നിയോജകമണ്ഡലങ്ങളിലെ ശുദ്ധജല വിതരണത്തിനായി 1986-ൽ സ്ഥാപിതമായ വൈത്തല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പ്ലാന്റിന്റെ സമഗ്ര നവീകരണത്തിനായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മാള മണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ കുടിവെള്ള വിതരണം സുഗമമാക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്നതിനുള്ള പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡിറ്റെയിൽഡ് എസ്റ്റിമേറ്റിംഗ് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ ഫണ്ട് ലഭിക്കുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വൈത്തല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ താൽക്കാലിക നവീകരണ പ്രവർത്തനങ്ങൾക്കായി 29 ആർ.ഡബ്ല്യു.എസ്.എസ്.-ൽ 6 ലക്ഷം രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. ആയത് ഉടനെ ടെണ്ടർ ചെയ്ത് ജോലികൾ സമയബന്ധിതമായി തീർക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വൈത്തല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സമഗ്ര നവീകരണത്തിനായി ഏകദേശം 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

വെള്ളക്കരം വർദ്ധനവ്

68 (2166) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് നിശ്ചയിച്ചിരുന്ന വിലയെത്രയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റി കുടിവെള്ളത്തിന് എത്ര തവണ വില വർദ്ധിപ്പിച്ചു ;

(സി) ഈ വില വർദ്ധന സർക്കാരിന്റെ അറിവോടുകൂടിയാണോ നടത്തിയിട്ടുള്ളത് ;

(ഡി) ഇപ്പോൾ വാട്ടർ അതോറിറ്റി കുടിവെള്ളത്തിന് ഈടാക്കുന്ന വിലയെത്രയാണ് ;

(ഇ) വാട്ടർ അതോറിറ്റി പൊതുടാപ്പ് വഴി നൽകുന്ന കുടിവെള്ളത്തിന് വില ഈടാക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ആരിൽ നിന്നാണ് ഈടാക്കുന്നതെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റി ഗാർഹിക ആവശ്യത്തിന് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഏറ്റവും കുറഞ്ഞത് കിലോ ലിറ്ററിന് 2 രൂപ നിരക്കും കൂടിയത് 7 രൂപ 35 പൈസ നിരക്കിലും ഗാർഹികേതര ആവശ്യത്തിന് 7 രൂപ.35 പൈസ മുതൽ 10 രൂപ 60 പൈസവരെയുള്ള നിരക്കും വ്യവസായ ആവശ്യത്തിന് 10 രൂപ 60 പൈസ നിരക്കിലുമുള്ള വില നിശ്ചയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly